CCM(16) 2013-14

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

## കോഓർഡിനേഷൻ സമിതി

**17.10.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.45 ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.09.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2013-14 വാർഷിക പദ്ധതിയുടെ നിർവഹണ ചെലവും ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ലോകബാങ്ക് സഹായവും കൂടി ഏകദേശം 1000 കോടി രൂപയോളം വിതരണം ചെയ്യേണ്ടതായുണ്ട്. ശേഷിക്കുന്ന 3000 കോടി രൂപയുടെ അഞ്ച് ഗഡുക്കളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്ത അഞ്ച് ഗഡുക്കളുടെ തുകയുമായി താരതമ്യം ചെയ്യുമ്പോൾ ചെലവ് 50 ശതമാനമാണെന്നു കാണാം.

2.2 പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നിർവഹണം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് നൽകാത്തതിനാൽ അവയ്ക്ക് ബില്ലുകൾ പ്രകാരം തുക നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിനാൽ അവയുടെ ബില്ലുകൾ വികസനഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും നൽകാനും, ധനകാര്യ കമ്മീഷൻ അവാർഡ് തുക ലഭിക്കുന്ന മുറയ്ക്ക് ചെലവ് ക്രമീകരിക്കാനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിലേയ്ക്ക് കുറിപ്പ് നൽകാൻ നിർദ്ദേശിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - ബഹു. മഞ്ചേശ്വരം എം.എൽ.എ.ശ്രീ.പി.ബി. അബ്ദുൾ റസാക്ക് മുഖേന സമർപ്പിച്ച കത്ത് തീയതി 17.10.2013**

ഇ.എം.എസ്. ഭവന പദ്ധതിയിൽ തുടങ്ങിയവ പൂർത്തിയാക്കാൻ വായ്പ എടുക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. പുതിയ ഭവന നിർമ്മാണ പദ്ധതിക്ക് വായ്പ എടുക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണെന്നു നിർദ്ദേശിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പുലാമന്തോൾ ഗ്രാമപഞ്ചായത്ത് - പ്രസിഡന്റിന്റെ കത്ത് തീയതി.17.10.2013**

രണ്ട് ഇൻഷ്വറൻസ് പദ്ധതികളിലെയും പ്രീമിയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് – പ്രസിഡന്റിന്റെ കത്ത്**
**തീയതി. 17.10.2013**

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കാലടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 57575/ഡി.എ2/13/തസ്വഭവ)തീയതി.17.10.2013**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് കോളനിക്കകത്തെ റോഡ് മാത്രമേ നിർമ്മിക്കാവൂ എന്നും നിബന്ധന ഉള്ളതിനാൽ കോളനികളിലേയ്ക്കുള്ള റോഡിന് ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60379/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.10.2013**

ഡയാലിസിസ് സെന്റർ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60697/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.10.2013**

നിലവിലെ നിബന്ധനകൾ പാലിച്ച് പ്രോജക്ട് ഭേദഗതി ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ആലപ്പാട് ഗ്രാമപഞ്ചായത്ത് (തീയതി.17.10.2013)**

വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.54596/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.10.2013**

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60380/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.10.2013**

ഇത്തരം പരിപാടികൾ പൊതുജന സഹകരണത്തോടുകൂടിയോ സ്പോൺസർഷിപ്പുകൾ മുഖേനയോ നടത്തേണ്ടവയാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 60904/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.10.2013**

മെയിന്റനൻസ് ഗ്രാന്റ് തുക ഉപയോഗിച്ച് ഒരു വാർഡ് സി.എച്ച്.സി.യിൽ നിർമ്മിക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മഹിളാ കിസാൻ സശാക്തീകരണ പരിയോജന**

**(ഫയൽ നം. 9920/ഡി.ഡി.3/12/തസ്വഭവ) തീയതി.17.10.2013**

ഭരണവകുപ്പുതല നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 വാകത്താനം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 48823/ഡി.എ2/13/തസ്വഭവ) തീയതി.17.10.2013**

നിലവിലുള്ള മാർഗരേഖ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗം**

**(ഫയൽ.നം.43513/ഇ.ഡബ്ല്യൂ3/13/ തസ്വഭവ) തീയതി.17.10.2013**

വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ചങ്ങനാശ്ശേരി നഗരസഭ (ഫയൽ നം. 59849/ഡി.ബി1/13/തസ്വഭവ) തീയതി.17.10.2013**

പുതയ ഭവന പദ്ധതി ഏറ്റെടുക്കാൻ നഗരസഭകളെ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത് പാലിക്കാൻ നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 61374/ഡി.എ2/13/തസ്വഭവ) തീയതി.17.10.2013**

ജില്ലാതല അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം. 54887/ഡി.ബി2/13/തസ്വഭവ) തീയതി.17.10.2013**

വിജയികൾക്കുള്ള അനുമോദന യോഗത്തിന്റെ ചെലവ് ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്) യുടെ കുറിപ്പ്**

**(ഫയൽ നം. 59245/എഫ്. എം.3/13/തസ്വഭവ) തീയതി. 17.10.2013**

നികുതി പിരിവും അലോട്ട്മെന്റും തമ്മിൽ ഡീലിങ്ക് ചെയ്യാനുള്ള നിർദ്ദേശം ചർച്ച ചെയ്യുന്നതിന് കാബിനറ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കാൻ തദ്ദേശഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 60540/ഡി.ബി.1/13/തസ്വഭവ)**

**തീയതി.17.10.2013**

സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയെ സമീപിക്കുന്നതിന് നിർദ്ദശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (തീയതി.17.10.2013)**

ഇത്തരം സാഹചര്യങ്ങളിൽ തുക തിരിച്ചടയ്ക്കേണ്ടതിന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. അതനുസരിച്ച് പണം തിരിച്ചടയ്ക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പെരുവയൽ ഗ്രാമപഞ്ചായത്ത് (തീയതി.17.10.2013)**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പത്തനാപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 63008/ഡി.എ2/13/തസ്വഭവ)**
**തീയതി.17.10.2013**

നിലവിലുള്ള മാർഗരേഖപ്രകാരം 100 ശതമാനം സബ്സിഡി അനുവദനീയമല്ലാത്തതിനാൽ പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കേരള പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ (തീയതി.17.10.2013)**

പ്രോജക്ട് ഭേദഗതിക്ക് നിലവിലുള്ള നിബന്ധനകളും സംവിധാനങ്ങളും പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ചുനക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 56701/ഡി.ഡി.2/13/തസ്വഭവ)**
**(തീയതി.17.10.2013)**

നിലവിലുള്ള മാർഗരേഖ അനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തൃത്താല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 56701/ഡി.ഡി.2/13/തസ്വഭവ)**

ആവർത്തന ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പൊന്നാനി നഗരസഭ (ഫയൽ നം. 61811/ഡി.എ3/13/തസ്വഭവ) (തീയതി.17.10.2013)**

പട്ടികജാതി വികസന വകുപ്പ് നടപടി കൈക്കൊള്ളേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 താഴെക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 61971/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.10.2013**

ജില്ലാതല അപ്പലേറ്റ് കമ്മിറ്റിക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 കാസറഗോഡ്  ജില്ലാ കളക്ടറുടെ കത്ത്**

**(ഫയൽ നം. 57281/ഡി.എ3/13/തസ്വഭവ)തീയതി.17.10.2013**

ബന്ധപ്പെട്ട വിഷയ മേഖലയിലെ വെറ്റിംഗ് ഓഫീസറായ റീജിയണൽ മുനിസിപ്പൽ ജോയിൻറ് ഡയറക്ടർ തന്നെ പ്രോജക്ട് പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 പെരുമ്പടപ്പ്  ബ്ലോക്ക് പഞ്ചായത്ത്  (തീയതി.17.10.2013)**

RIDF പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ, SOR മാറ്റം വഴിയും പ്രവൃത്തിയുടെ ഏതെങ്കിലും ഘടകങ്ങളിൽ മാറ്റം വരുന്നതുകൊണ്ടുണ്ടാകുന്ന അധിക ചെലവു മുഖേനയും, മാറ്റമുണ്ടാകുമ്പോൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻഫണ്ട് ഉൾപ്പെടെയുള്ള വിഹിതത്തിൽ നിന്ന് അധിക തുക വഹിക്കേണ്ട സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പുതിയ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനും ധനകാര്യവകുപ്പിനും ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. ഈ തീരുമാനങ്ങൾ ഒരു പൊതു ഉത്തരവായി പുറപ്പെടുവിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കടങ്ങോട്  ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 62394/ഡി.ബി1/13/തസ്വഭവ) തീയതി.17.10.2013**

ഡ്യൂപ്ലക്സ് വീടുകളുടെ പുനർ നിർമ്മാണം സംബന്ധിച്ച വിഷയം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കൊല്ലം ജില്ലാ പഞ്ചായത്ത്    (ഫയൽ നം. 60829/ഡി.ബി1/13/തസ്വഭവ) (തീയതി.17.10.2013)**

നിലവിലെ മാർഗരേഖയിലെ ഏതു നിബന്ധനയാണ് തടസ്സമാകുന്നതെന്ന് അറിയിക്കാൻ ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31  കൊഴുവനാൽ ഗ്രാമപഞ്ചായത്ത്    (ഫയൽ നം. 41436/ഡി.ബി3/13/തസ്വഭവ) (തീയതി.17.10.2013)**

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ആവർത്തനചെലവ് വഹിക്കണമെന്ന വ്യവസ്ഥയിൽ ആംബുലൻസ് കൈമാറുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ഗ്രാമപഞ്ചായത്തുകളിലെ തെരുവുവിളക്കുകളുടെ പരിപാലനം**

**(ഫയൽ നം. 63909/ഡി.എ3/13/തസ്വഭവ) തീയതി.17.10.2013**

വകുപ്പുതലത്തിൽ പരിശോധിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 23.10.2013ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ    ചേരുന്നതാണ്.***

**(യോഗം 9.45 ന് അവസാനിച്ചു)**